# പതിനാലാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2379 | 2019 നവംബർ 05-ലെ മറുപടിക്ക് |
|---|---|

## ആഭ്യന്തര പരിശോധനാ വിഭാഗം രൂപീകരിക്കുവാൻ നടപടി

| ചോദ്യം<br>ശ്രീ. കെ.ജെ. മാക്സി | മറുപടി<br>ഡോ. റ്റി.എം. തോമസ് ഐസക്<br>ബഹു: ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| **(എ)** ധനകാര്യ പരിശോധനാ വിഭാഗം മറ്റ് വകുപ്പുകളുടെ കീഴിലുള്ള ഓഫീസുകളിൽ പരിശോധന നടത്തി തെളിവ് സഹിതം കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് മേൽനടപടി ശിപാർശ ചെയ്ത് അയയ്ക്കുന്ന റിപ്പോർട്ടുകളിന്മേൽ അതതു വകുപ്പുകൾ തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് നിലവിൽ എന്ത് സംവിധാനമാണ് ധനവകുപ്പിനുള്ളതെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | ധനകാര്യ പരിശോധനാ വിഭാഗം നടത്തുന്ന പരിശോധനകളിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് മേൽനടപടി ശിപാർശ ചെയ്തുകൊണ്ട് ഭരണവകുപ്പുകൾക്ക് നൽകുന്ന പരിശോധനാ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ.ഉ (പി) നം. 506/92/ധന. തീയതി 20.08.1992, സ.ഉ (പി) നം.2981/98/ധന തീയതി 25.11.1998, സർക്കുലർ നം.56/FIW-ജി1/08/ധന തീയതി 30.08.2008 എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നൽകിവരുന്നുണ്ട്. കൂടാതെ ഓർമ്മക്കുറിപ്പുകൾ, ഫയൽ അദാലത്തുകൾ, എന്നിവ നടത്തി ശിപാർശകളിന്മേലുള്ള നടപടികൾ വേഗത്തിലാക്കുവാൻ ബന്ധപ്പെട്ട ഭരണവകുപ്പുകൾക്ക് നിർദ്ദേശം നൽകി വരുന്നുണ്ട്. |
| **(ബി)** ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തുന്ന ഇത്തരം ക്രമക്കേടിന്മേൽ അതതു വകുപ്പുകൾ തുടർനടപടി സ്വീകരിക്കുവാൻ വലിയ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; വ്യക്തമാക്കുമോ; | ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ റിപ്പോർട്ട് ലഭിച്ച് രണ്ടാഴ്ചയ്ക്കകം തുടർനടപടി സ്വീകരിക്കണം എന്ന നിർദ്ദേശം നിലവിലിരിക്കെ അതതു ഭരണ വകുപ്പുകൾ ഇക്കാര്യത്തിൽ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് 31-07-2018 ൽ പുറപ്പെടുവിച്ചിട്ടുള്ള.സർക്കുലർ നമ്പർ **71/2018** പ്രകാരം ധനകാര്യ പരിശോധന വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങളിന്മേൽ നടപടി എടുക്കുന്നതിൽ മനഃപൂർവ്വം കാലവിളംബം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരേ അച്ചടക്ക നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നുണ്ട്. |

| | |
|---|---|
| **(സി)** ഇപ്രകാരം ഓഡിറ്റ് സംബന്ധിച്ച കാര്യങ്ങളിൽ സർക്കാർ വകുപ്പുകൾ ഗുരുതര വീഴ്ച വരുത്തുന്നു എന്ന കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ കണ്ടെത്തലിന്റെ കൂടി അടിസ്ഥാനത്തിൽ എല്ലാ സർക്കാർ വകുപ്പുകളിലും ആഭ്യന്തര പരിശോധനാ വിഭാഗം രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | വിവിധ സർക്കാർ വകുപ്പുകളിലെ ആഭ്യന്തര പരിശോധന വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി 1986 ജൂണിൽ ധനകാര്യ വകുപ്പിൽ ഒരു ആഭ്യന്തര പരിശോധന സെൽ പ്രവർത്തനം ആരംഭിച്ചു. കൂടാതെ നിലവിൽ സംസ്ഥാനത്തെ എല്ലാ പ്രധാന സർക്കാർ വകുപ്പുകളിലും ആഭ്യന്തര പരിശോധന വിഭാഗങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. വകുപ്പുകളുടെ ആഭ്യന്തര പരിശോധന സംവിധാനം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ധനകാര്യ (ആഭ്യന്തര പരിശോധന) വകുപ്പിൽ നിന്ന് കാലാകാലങ്ങളിൽ പുറപ്പെടുവിക്കാറുണ്ട്. 10.08.2017-ലെ 64/2017/ധന, 20.04.2018-ലെ 33/2018/ധന എന്നീ പരിപത്രങ്ങൾ പ്രകാരം ആഭ്യന്തര പരിശോധന സംബന്ധിച്ച് സമഗ്രമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനു പുറമേ അക്കൗണ്ടന്റ് ജനറലുമായി കൂടിയാലോചിച്ച് എല്ലാ വകുപ്പുകളിലേയും ആഭ്യന്തര പരിശോധന സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്താനും, ആഭ്യന്തര പരിശോധന റിപ്പോർട്ടുകൾക്ക് പൊതുവായ ഒരു ഘടന നിശ്ചയിച്ചുകൊണ്ടും 19.09.2019-ലെ 79/2019/ധന നമ്പർ പരിപത്രം പ്രകാരം നിർദ്ദേശം നൽകിയിട്ടുമുണ്ട്. |

**അക്കൗണ്ട്സ് ഓഫീസർ**